സ്ഥാപിതം
1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 59 ലക്കം: 213 2024 ഡിസംബർ 13 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

## കൊച്ചിയിൽ വാനും കാറും കൂട്ടിയിടിച്ച് അപകടം; ഒരാൾ മരിച്ചു

കൊച്ചി : കൊച്ചിയിൽ വാനും കാറും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. വാനിലെ ഡ്രൈവറായ വടുതല സ്വദേശി ജോണിയാണ് മരിച്ചത്. കാർ ഡ്രൈവറായ എറണാകുളം തമ്മനം സ്വദേശി ഷമീറിനെ (34) പൊലീസ് കസ്റ്റഡിയിലെടുത്തു. തെറ്റായ ദിശയിലെത്തിയ കാർ അമിതവേഗതയിലായിരുന്നുവെന്നാണ് ദൃക്സാക്ഷികൾ പറയുന്നത്.എറണാകുളം ലോ കോളേജിന് മുന്നിലാണ് ഇന്ന് രാവിലെ ഏഴരയോടെ അപകടമുണ്ടായത്. സമീപത്തുണ്ടായിരുന്ന കൊച്ചി കോർപ്പറേഷനിലെ ശുചീകരണ തൊഴിലാളികളാണ് അപകടസ്ഥലത്ത് ആദ്യം എത്തിയത്. വാൻ വെട്ടിപ്പൊളിച്ച് ഡ്രൈവറെ പുറത്തെടുക്കുന്നത്.




പാലക്കാട്: പരസ്പരം തോളോട് തോൾചേർന്ന് നടന്നവർ, അവർ ഒരുമിച്ച് മടങ്ങി നിത്യനിദ്രയിലേക്ക്. നാടിനെ മുഴവൻ കണ്ണീരിലാഴ്ത്തി നാലുപേരുടേയും കബറടക്കം തുപ്പനാട് ജുമാ മസ്ജിദിൽ നടന്നു. ജീവിതത്തിലും മരണത്തിലും വേർപിരിയാത്ത ആ കൂട്ടുകാരുടെ കബറിടങ്ങളും ഒരുമിച്ചായിരുന്നു.

പാലക്കാട് - കോഴിക്കോട് ദേശീയപാതയിൽ കരിമ്പ പനയംപാടത്ത് പരീക്ഷകഴിഞ്ഞ് മടങ്ങിയപ്പോഴുണ്ടായ അപകടത്തിലാണ് കൂട്ടുകാരികളും എട്ടാം ക്ലാസ് വിദ്യാർഥിനികളുമായ റിദ ഫാത്തിമ, ഇർഫാന ഷെറിൻ, നിദ ഫാത്തിമ, ആയിഷ എന്നിവർ മരിച്ചത്.

വ്യാഴാഴ്ച സ്കൂൾ കഴിഞ്ഞ നടന്നുവരുന്നതിനിടെ ഇവരുടെ മുകളിലേക്ക് നിയന്ത്രണം നഷ്ടപ്പെട്ട ചരക്കുലോറി മറിഞ്ഞായിരുന്നു അപകടം. ഇന്ന് പുലർച്ചെ കുട്ടികളുടെ വീടുകളിലെത്തിച്ച മൃതദേഹം എട്ടരയോടെ തുപ്പനാട് കരിനമ്പനയ്ക്കൽ ഹാളിലേക്ക് പൊതുദർശനത്തിനായി മാറ്റിയിരുന്നു. ഉറ്റവരും നാടുമുഴുവനും ആദാരഞ്ജലി അർപ്പിക്കാനെത്തി.

മന്ത്രിമാരായ എം.ബി.രാജേഷ്, കെ.കൃഷ്ണൻകുട്ടി എന്നിവരും കെ.ശാന്തകുമാരി എംഎൽഎ ഉൾപ്പെടെയുള്ള ജനപ്രതിനിധികളും ജില്ലാ കലക്ടർ ഡോ.എസ്.ചിത്ര അടക്കമുള്ള ഉദ്യോഗസ്ഥരും കുട്ടികൾക്ക് അന്ത്യാഞ്ജലി അർപ്പിച്ചു

പിന്നീട് തുപ്പനാട് ജുമാ മസ്ജിദ് കബർസ്ഥാനിലേക്ക്. മണ്ണോട് ചേർന്ന് നാലുപേരും. കണ്ണീരിൽ കുതിർന്ന മൂന്ന്പിടി മണ്ണ് വാരിയിട്ട് ഉറ്റവരും നാട്ടുകാരും. ഉള്ളുലക്കുന്ന നിലവിളിയും പൊട്ടിക്കരച്ചിലുമായിരുന്നു പനയംപാടെത്തെങ്ങും.

ക്രിസ്മസ് പരീക്ഷ കഴിഞ്ഞ് ഒന്നിച്ചുമടങ്ങിയ കൂട്ടുകാരാണ്. പരീക്ഷാനാളുകൾ കഴിഞ്ഞുള്ള അവധിക്കാലം ആഘോഷിക്കാൻ മനസ്സുകൊണ്ട് കൊതിച്ചവരാണ്. നിയന്ത്രണം വിട്ടെത്തിയ ആ ലോറിക്കടിയിൽ എല്ലാം ഞെരിഞ്ഞമർന്നു. കളിച്ചുംചിരിച്ചും ഒരുമിച്ച് നടന്നവരെ ചേതനയറ്റ നിലയിൽ കണ്ട കാഴ്ച സുഹൃത്തുക്കൾക്കും താങ്ങാനാകുന്നതായിരുന്നില്ല. കണ്ടുനിന്നവർ ഇവരെ എങ്ങനെ ആശ്വസിപ്പിക്കണമെന്നറിയാതെ സങ്കടത്തിലായി.

അപകടസ്ഥലത്തുനിന്നും 300 മീറ്റർകൂടി പിന്നിട്ടാൽ ഇവരുടെ വീടുകളിൽ എത്തുമായിരുന്നു. മദ്രസപഠനം മുതൽ തുടങ്ങിയതാണ് നാലുപേർക്കിടയിലെ സൗഹൃദം. സ്കൂളിൽ എട്ടാംതരത്തിലെ വിവിധ ഡിവിഷനുകളിലായാണ് ഇവർ പഠിച്ചിരുന്നത്.

## സെൻസെക്സ് ഇടിഞ്ഞത് 1,100 പോയന്റ്, നിക്ഷേപകർക്ക് നഷ്ടം 6.5 ലക്ഷം കോടി

മുംബൈ: ഇന്നത്തെ വ്യാപാരത്തിനിടെ കനത്ത തിരിച്ചടി നേരിട്ട് ഓഹരി വിപണി. സെൻസെക്സും നിഫ്റ്റിയും ഒരു ശതമാനത്തിലേറെ ഇടിവ് നേരിട്ടു. അതായത് സെൻസെക്സിലുണ്ടായ നഷ്ടം 1,147 പോയന്റ്. നിഫ്റ്റിയാകട്ടെ 337 പോയന്റും താഴ്ന്നു. ഡോളർ കരുത്താർജിച്ചതും ചൈനയിലെ ഉത്തേജക നടപടികളിൽ വ്യക്തതയില്ലാത്തതുമാണ് വിപണിയെ ബാധിച്ചത്.

കനത്ത ഇടിവ് നേരിട്ടതോടെ ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്ത കമ്പനികളുടെ മൊത്തം വിപണി മൂല്യം 6.5 ലക്ഷം കോടി താഴ്ന്ന് 451.65 ലക്ഷം കോടിയായി.

ചൈനയുടെ ഉത്തേജക നടപടിയിലെ അവ്യക്തത മെറ്റൽ ഓഹരികളെയാണ് ബാധിച്ചത്. ചൈനീസ് സമ്പദ്വ്യവസ്ഥയിലെ മുന്നേറ്റമാണ് ആഗോള ലോഹ ഡിമാന്റ് നിർണയിക്കുന്ന പ്രധാനഘടകം. സെക്ടറൽ സൂചികളിൽ നിഫ്റ്റി ബാങ്ക്, ഓട്ടോ, ധനകാര്യ സേവനം, പിഎസ്‌യു ബാങ്ക്, റിയൽറ്റി തുടങ്ങിയവയാകട്ടെ 1.50 ശതമാനം മുതൽ 2.7 ശതമാനം വരെ ഇടിവ് നേരിട്ടു.

സെൻസെക്സ് ഓഹരികളിൽ ജെഎസ്ഡബ്ല്യു സ്റ്റീൽ, ടാറ്റ സ്റ്റീൽ, ഇൻഡസിൻഡ് ബാങ്ക്, എൽആൻഡ്ടി, ബജാജ് ഫിനാൻസ്, ബജാജ് ഫിൻസർവ് എന്നിവ 2.5 ശതമാനം വരെ താഴ്ന്നപ്പോൾ ടാറ്റ മോട്ടോഴ്സ്, ഹിന്ദുസ്ഥാൻ യൂണിലിവർ, നെസ്‌ലെ ഇന്ത്യ തുടങ്ങിയ ഓഹരികൾ നേട്ടമുണ്ടാക്കുകയും ചെയ്തു.

## ആറുമാസം മുൻപ് എം വി ഡി റിപ്പോർട്ട് നൽകി, 'പനയംപാടം സുരക്ഷിതമല്ല'; അധികൃതർ കണ്ണുതുറന്നിരുന്നെങ്കിൽ

ഒറ്റപ്പാലം/പാലക്കാട്: സ്ഥിരം അപകടമേഖലയായ പനയംപാടത്ത് സുരക്ഷയൊരുക്കണമെന്നാവശ്യപ്പെട്ട് മോട്ടോർ വാഹനവകുപ്പ് ആറുമാസം മുൻപ് നൽകിയ റിപ്പോർട്ട് ആരും പരിഗണിച്ചില്ല. റോഡിന്റെ അപാകമാണ് അപകടങ്ങൾക്കിടയാക്കുന്നത് എന്നതിനാൽ ഇവിടെ വേഗനിയന്ത്രണസംവിധാനം ഒരുക്കണമെന്നായിരുന്നു റിപ്പോർട്ടിലെ നിർദേശം. മോട്ടോർവാഹനവകുപ്പിന്റെ ആവശ്യപ്രകാരം പാലക്കാട് ഐ.ഐ.ടി. വിദ്യാർഥികൾ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു റിപ്പോർട്ട്. റോഡ് സുരക്ഷാ കൗൺസിൽവഴി പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിനാണ് ഇത് കൈമാറിയത്.

70 കിലോമീറ്റർ വേഗത്തിൽ വരെ സഞ്ചരിക്കാവുന്ന റോഡാണെങ്കിലും അപകടസാഹചര്യം മുൻനിർത്തി 30 കിലോമീറ്ററാക്കി പരമാവധി വേഗം ചുരുക്കിയിരുന്നു. ഇത് വ്യക്തമാക്കുന്ന സൂചനാബോർഡുണ്ടെങ്കിലും ആരുടെയും ശ്രദ്ധയിൽപ്പെടുമായിരുന്നില്ല. അതിനാൽ റോഡിൽതന്നെ വാഹനവേഗം കുറയ്ക്കണമെന്ന് വ്യക്തമാക്കുന്ന കട്ടികൂടിയ മാർക്കുകൾവേണമെന്ന് റിപ്പോർട്ടിൽ നിർദേശിച്ചിരുന്നു. ഒരേദിശയിൽ പോവുന്ന വാഹനങ്ങൾ മറികടക്കുന്നത് നിരോധിച്ചുള്ള അറിയിപ്പ് വെക്കാനും നിർദേശമുണ്ടായിരുന്നു. വളവുകളിൽ വശംമാറി സഞ്ചരിക്കുന്നത് ഒഴിവാക്കാൻ ഡെലിനേറ്ററുകൾ സ്ഥാപിക്കാനായിരുന്നു മറ്റൊരു നിർദേശം.

റോഡും അരികിലെ മണ്ണും തമ്മിൽ ഉയരവ്യത്യാസമുണ്ട്. രണ്ട് വാഹനങ്ങൾ കടന്നുപോകുമ്പോൾ മണ്ണിലേക്കിറങ്ങാതിരിക്കാൻ വാഹനങ്ങൾ ശ്രമിക്കുമ്പോൾ അപകടമുണ്ടാകാനിടയുണ്ട്. ഇത് പരിഹരിക്കാൻ നടപടി വേണമെന്നും ആവശ്യപ്പെട്ടിരുന്നു. ഈ നിർദേശങ്ങളൊന്നും നടപ്പായില്ല.

നേരത്തെ ഇവിടെ വളവിൽ വാഹനങ്ങൾക്ക് ഗ്രിപ്പ് കിട്ടാൻ റോഡ് പരുക്കനാക്കിയിരുന്നു. ഇതേത്തുടർന്ന് അപകടങ്ങൾ കുറഞ്ഞിരുന്നു. എന്നാൽ പിന്നീട് റോഡിന്റെ പരുക്കൻ സ്വഭാവം മാറി. വീണ്ടും റോഡ് പരുക്കനാക്കണമെന്ന് മോട്ടോർ വാഹനവകുപ്പ് പൊതുമരാമത്ത് വകുപ്പിനോട് നിർദേശിച്ചിരുന്നു.

അധികൃതർ ഒന്ന് കണ്ണുതുറന്നിരുന്നെങ്കിൽ ആ നാല് ജീവനുകൾ നമുക്ക് രക്ഷിക്കാനാകുമായിരുന്നു. അപകടമേഖലയെന്ന റിപ്പോർട്ടുണ്ടായിട്ടും അനങ്ങാതിരുന്ന ഉദ്യോഗസ്ഥരും ഭരണകൂടവുമാണ് പാലക്കാട്ടെ നാല് വിദ്യാർഥിനികളുടെ മരണത്തിന് ഉത്തരവാദി.

ഒറ്റപ്പാലം: പനയംപാടത്തെ അപകടകാരണം റോഡിന്റെ മിനുസമേറിയ പ്രതലവും മഴയും തന്നെയെന്ന് മോട്ടോർവാഹന വകുപ്പ്. സ്ഥലത്ത് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് വിലയിരുത്തൽ. കോഴിക്കോട് ഭാഗത്തുനിന്ന് കാലിയായിവന്ന മറ്റൊരു ലോറി ഇറക്കത്തിൽ എന്തോകണ്ട് ബ്രേക്ക് ചവിട്ടിയെന്നും എതിർദിശയിൽവരുന്ന സിമന്റുലോറിയുടെ വശത്തുതട്ടി അത് നിയന്ത്രണംവിട്ട് മറിയുകയുമായിരുന്നെന്നുമാണ് മോട്ടോർ വാഹന വകുപ്പിന്റെ പ്രാഥമിക നിരീക്ഷണം.

പാലക്കാട്ടേക്ക് ലോഡ് എടുക്കുന്നതിനായി പോവുകയായിരുന്നു കാലിയായ ലോറി. അപകടത്തിൽപ്പെട്ട വാഹനത്തിൽ സിമന്റ് ചാക്കുകളുമുണ്ടായിരുന്നു. മിനുസമായ റോഡിൽ, മഴയത്ത് ചക്രം തെന്നിയതാകാം നിയന്ത്രണംനഷ്ടപ്പെട്ട് അപകടത്തിന് കാരണമായതെന്നും അധികൃതർ പറയുന്നു. ഇതിനൊപ്പം രണ്ട് ഡ്രൈവർമാർക്കും പ്രാദേശികമായി പരിചയമില്ലാതിരുന്നതും അപകടകാരണമായെന്നാണ് അധികൃതരുടെ വിലയിരുത്തൽ.

## പല റോഡുകളും ഡിസൈൻ ചെയ്യുന്നത് കോൺട്രാക്ടർമാർ, അശാസ്ത്രീയ നിർമാണം; വിമർശനവുമായി മന്ത്രി

ന്യൂഡൽഹി: പാലക്കാട് - കോഴിക്കോട് ദേശീയപാതയിൽ ലോറി പാഞ്ഞുകയറി നാലു കുട്ടികൾ മരിച്ച സംഭവത്തിന് പിന്നാലെ അശാസ്ത്രീയ റോഡ് നിർമാണത്തിൽ വിമർശനം ഉന്നയിച്ച് ഗതാഗത മന്ത്രി കെ.ബി ഗണേഷ് കുമാർ. ദേശീയ പാത ഡിസൈൻ ചെയ്യുന്നത് പലപ്പോഴും കോൺട്രാക്ടർമാർ ഗൂഗിൾ മാപ്പ് നോക്കിയാണെന്നും ഇന്ത്യയിലെ റോഡുകളിൽ പലതും അശാസ്ത്രീയമാണെന്നും അദ്ദേഹം വിമർശിച്ചു.



'പലയിടത്തും ഹൈവേ പണിചെയ്യാൻ വരുന്ന എഞ്ചിനിയർമാർക്ക് റോളില്ലാത്ത അവസ്ഥയാണെന്ന് തോന്നുന്നു. ഹൈവേ നിർമിക്കാൻ ഏൽപ്പിച്ചിരിക്കുന്ന പുറത്തുള്ള കമ്പനികളുടെ കോൺട്രാക്ടർമാരുടെ ഡിസൈനിലാണ് പലയിടത്തും നിർമാണം. ലോകബാങ്കിന്റെ റോഡുകൾ പോലെ, പ്രാദേശിക എഞ്ചിനീയർമാരെയോ പ്രാദേശിക ജനപ്രതിനിധികളെയോ കണക്കിലെടുക്കാറില്ല. ഗൂഗിൾ മാപ്പ് വഴി റോഡ് ഡിസൈൻ ചെയ്ത ശേഷം പണം നൽകുകയാണ് ചെയ്യുന്നത്', ഗണേഷ് കുമാർ പറഞ്ഞു. ഡിസൈൻ ചെയ്യുന്ന റോഡിൽ വീടുണ്ടോ വീട്ടിലേക്ക് പ്രവേശിക്കാനുള്ള വഴിയുണ്ടോ എന്നിവ കണക്കിലെടുക്കാറില്ല. റോഡ് നിർമിക്കേണ്ട സൈറ്റിലെത്തി നേരിട്ട് കാര്യങ്ങൾ മനസ്സിലാക്കിയാണ് റോഡ് ഡിസൈൻ ചെയ്യേണ്ടത്. റോഡിലെ വളവുകളിലെ കയറ്റം, ഇറക്കം, എന്നിവയൊന്നും പരിഗണിക്കാറില്ല.

ലോക ബാങ്ക് നിർമ്മിക്കുന്ന റോഡുകളിൽ കെ.എസ്.ടി.പിക്കോ പി.ഡബ്യു.ഡി എഞ്ചിനിയർമാർക്കോ യാതൊരു പങ്കുമില്ല. വിഷയത്തിൽ കൂടുതൽ ചർച്ചകൾ നടത്താനായി പൊതുമരാമത്ത് വകുപ്പ് മന്ത്രി മുഹമ്മദ് റിയാസുമായി സംസാരിച്ചിട്ടുണ്ടെന്നും ഗണേഷ് കുമാർ പറഞ്ഞു.

ചാലക്കുടി പോട്ടയിലേക്ക് പോകുന്ന വഴിയിലുള്ള സ്ഥിരം അപകട മേഖലയിലെ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അണ്ടർ പാസ് നിർമ്മിക്കാനായി ഉപരിതല ഗതാഗത വകുപ്പ് 48 കോടി രൂപയുടെ പദ്ധതിയിട്ടുണ്ട്. സർവ്വീസ് റോഡ് നിർമ്മിക്കാനായി 18 കോടി രൂപയും ചെലവാക്കാനുദ്ദേശിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ചീരംകുളം ഭഗവതി ക്ഷേത്രത്തിൽ ലക്ഷാർച്ചന 15ന്

കുന്നംകുളം : ചീരംകുളം ഭഗവതി ക്ഷേത്രത്തിൽ ലക്ഷാർച്ചന ഡിസംബർ 15 ന് നടത്തുന്നു. ക്ഷേത്രം തന്ത്രി പുലിയന്നൂർ കൃഷ്ണൻ നമ്പൂതിരിപ്പാടിന്റെ മുഖ്യകാർമ്മികത്വത്തിൽ 13 വേദ പണ്ഡിതർ അർച്ചനയിൽ പങ്കെടുക്കും. ലക്ഷാർച്ചനയുടെ ഭാഗമായി സർവ്വൈശ്വര്യപൂജ, താഴത്തേക്കാവിൽ കലശം ചുറ്റുവിളക്ക് തുടങ്ങി വിശേഷാൽ ചടങ്ങുകളും ഉണ്ടാകുന്നതാണെന്ന് ക്ഷേത്രം ഭാരവാഹികൾ അറിയിച്ചു.

## മകളെ പീഡിപ്പിച്ച പ്രതിയെ പിതാവ് കുവൈത്തിൽ നിന്നെത്തി കൊലപ്പെടുത്തി, തിരിച്ചുപോയി

ഹൈദരാബാദ്: 12കാരിയായ മകളെ ലൈംഗികമായി പീഡിപ്പിക്കാൻ ശ്രമിച്ച ബന്ധുവിനെ പെൺകുട്ടിയുടെ പിതാവ് കുവൈത്തിൽ നിന്നെത്തി കൊലപ്പെടുത്തി. കൊലപാതകം നടന്ന അന്ന് വൈകിട്ടുതന്നെ പ്രതി കുവൈത്തിലേക്ക് മടങ്ങുകയും ചെയ്തു. ആന്ധ്രാപ്രദേശിലെ അന്നമയ്യ ജില്ലയിൽ നടന്ന സംഭവം സ്വന്തം യുട്യൂബ് ചാനലിലൂടെ പിതാവ് ഏറ്റുപറഞ്ഞതോടെയാണ് പുറംലോകം അറിഞ്ഞത്.

പെൺകുട്ടിയുടെ പിതാവ് വർഷങ്ങളായി കുവൈത്തിലാണ് ജോലിചെയ്യുന്നത്. ഇയാൾക്കൊപ്പമായിരുന്നു ഭാര്യയും മകളും. കുറച്ചുനാൾ കഴിഞ്ഞപ്പോൾ മകളെ നാട്ടിൽ ഭാര്യയുടെ മാതാപിതാക്കളോടൊപ്പമാക്കി. മകളുടെ ചെലവുകൾക്കായി മുടങ്ങാതെ പണവും അയച്ചുകൊടുത്തിരുന്നു. അടുത്തിടെ ഭാര്യയുടെ അമ്മയേയും അയാൾ കുവൈത്തിലേക്ക് കൊണ്ടുപോയി. ഇതോടെ 12കാരിയായ മകളുടെ സംരക്ഷണച്ചുമതല ഭാര്യയുടെ ഇളയ സഹോദരിയെ ഏൽപ്പിച്ചു.

ആദ്യം കുട്ടിയെ ഇവർ നന്നായി നോക്കിയെങ്കിലും തുടർന്ന് അതിന് വിസമ്മതം അറിയിക്കുകയായിരുന്നു. എന്നാൽ കാരണം എന്താണെന്ന് വെളിപ്പെടുത്തിയില്ല. അതോടെ ഭാര്യയുടെ അമ്മ കുവൈത്തിൽ നിന്ന് നാട്ടിൽ തിരിച്ചെത്തി. അപ്പോഴാണ് ബന്ധുവായ യുവാവ് പന്ത്രണ്ടുകാരിയെ ലൈംഗികമായി ഉപദ്രവിക്കാൻ ശ്രമിച്ചെന്ന് വ്യക്തമായത്. ഇതോടെ പൊലീസിൽ പരാതി നൽകി. എന്നാൽ പൊലീസിന്റെ ഭാഗത്തുനിന്ന് കാര്യമായ ഇടപെടലുകളൊന്നുമുണ്ടായില്ല. പ്രതിയായ യുവാവിനെ താക്കീതു ചെയ്ത് വിട്ടയച്ച പൊലീസ് പരാതിക്കാരെ ശകാരിക്കുകയും ചെയ്തു. ഈ വിവരം അറിഞ്ഞതോടെയാണ് മകളെ ഉപദ്രവിച്ചയാളെ ഇല്ലാതാക്കാൻ പിതാവ് തീരുമാനിച്ചത്.

എല്ലാം അതീവ രഹസ്യമായി പ്ലാൻചെയ്തു. രാവിലെ ആന്ധ്രയിലെത്തിയ പിതാവ് പ്രതിയെ ഇരുമ്പുവടികൊണ്ട് മർദ്ദിച്ച് കൊലപ്പെടുത്തുകയായിരുന്നു. അന്നുവൈകിട്ടുതന്നെ വിദേശത്തേക്ക് മടങ്ങുകയും ചെയ്തു. പൊലീസ് അന്വേഷണം നടത്തിയെങ്കിലും കൊലപാതകത്തിന് പിന്നിൽ ആരെന്ന് കണ്ടുപിടിക്കാൻ കഴിഞ്ഞിരുന്നില്ല. ഇതിനിടെയാണ് സ്വന്തം യുട്യൂബ് ചാനലിലൂടെ പിതാവ് കൊലപാതക വിവരം വെളിപ്പെടുത്തിയത്.

പ്രതിയെ നാട്ടിലെത്തിക്കാനുള്ള ശ്രമങ്ങൾ പൊലീസ് ആരംഭിച്ചിട്ടുണ്ട്. ഉടൻതന്നെ പ്രതിയെ അറസ്റ്റുചെയ്യാനാവുമെന്നാണ് അവർ പറയുന്നത്.

## പുഷ്പ 2 റിലീസ് തിരക്കിൽ യുവതിയുടെ മരണം; നടൻ അല്ലു അർജുൻ അറസ്റ്റിൽ

ഹൈദരാബാദ്: നടൻ അല്ലു അർജുൻ അറസ്റ്റിൽ. പുഷ്പ 2 റിലീസ് തിക്കിലും തിരക്കിലുംപെട്ട് യുവതി മരിച്ച സംഭവത്തെ തുടർന്നാണ് അറസ്റ്റ്. ഹൈദരാബാദ് ജൂബിലി ഹിൽസിലെ അദ്ദേഹത്തിന്റെ വസതിയിലെത്തിയാണ് പോലീസ് അറസ്റ്റ് ചെയ്തത്. ഹൈദരാബാദ് പോലീസിന്റെ ടാസ്ക് ഫോഴ്സ് സംഘമാണ് അറസ്റ്റ് രേഖപ്പെടുത്തിയിരിക്കുന്നത്. കേസ് രജിസ്റ്റർ ചെയ്തിരിക്കുന്ന ചികട്പല്ലി പോലീസ് സ്റ്റേഷനിലേക്കാണ് അദ്ദേഹത്തെ കൊണ്ടുപോകുന്നത്.



പുഷ്പ 2 പ്രീമിയർ ഷോയ്ക്കിടെയുണ്ടായ തിക്കിലും തിരക്കിലും പെട്ട് യുവതി മരിച്ച സംഭവത്തിൽ അല്ലു അർജുൻ ഉൾപ്പെടെയുള്ളവർക്കെതിരെ പോലീസ് കേസെടുത്തിരുന്നു. എന്നാൽ, തനിക്കെതിരെയുള്ള എഫ്ഐആർ റദ്ദാക്കണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ ദിവസമാണ് നടൻ അല്ലു അർജുൻ തെലങ്കാന ഹൈക്കോടതിയെ സമീപിച്ചത്.

ഡിസംബർ നാല് ബുധനാഴ്ച രാത്രി 11 മണിക്ക് പ്രീമിയർ ഷോ നടക്കുന്ന ഹൈദരാബാദിലെ സന്ധ്യ തിയേറ്ററിൽ അല്ലു അർജുൻ എത്തിയതിനെ തുടർന്നുണ്ടായ തിക്കിലും തിരക്കിലും പെട്ടാണ് 35-കാരിയായ രേവതിക്ക് ജീവൻ നഷ്ടമായത്. ഇവരുടെ മകനും സംഭവത്തിൽ പരിക്കേറ്റിരുന്നു. അല്ലു അർജുൻ തിയേറ്ററിൽ എത്തുന്ന വിവരം വൈകിയാണ് പോലീസിനെ അറിയിച്ചതെന്നായിരുന്നു വിമർശനം.

കേസിൽ അറസ്റ്റ് ഉൾപ്പടെ തനിക്കെതിരെയുള്ള തുടർനടപടികൾ അവസാനിപ്പിക്കണം എന്നാവശ്യപ്പെട്ടാണ് അല്ലു അർജുൻ ഹൈക്കോടതിയെ സമീപിച്ചിരിന്നത്. എന്നാൽ, കേസ് പരിഗണിക്കുന്നതിന് മുമ്പുതന്നെ പോലീസ് അറസ്റ്റ് ചെയ്തുവെന്നാണ് റിപ്പോർട്ട്. തിയേറ്റർ പരിസരത്ത് തടിച്ചുകൂടിയ ആൾക്കൂട്ടത്തെ പിരിച്ചുവിടാൻ അദ്ദേഹത്തിന്റെ സുരക്ഷ ജീവക്കാർ ശ്രമിച്ചതോടെ ഈ മേഖലയിൽ സംഘർഷമുണ്ടായിരുന്നു.

ഈ സംഭവത്തിൽ ഡിസംബർ അഞ്ചിന് അല്ലു അർജുനും അദ്ദേഹത്തിന്റെ സുരക്ഷാ സംഘത്തിനും തിയ്യേറ്റർ ഉടമകൾക്കുമെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നു. യുവതിയുടെ കുടുംബത്തിന്റെ പരാതിയിൽ ബിഎൻസ് സെക്ഷൻ 105, 118 (1) എന്നിവ അടിസ്ഥാനമാക്കിയാണ് കേസ്. കേസിൽ തിയ്യേറ്റർ സീനിയർ മാനേജറും ഒരു ജീവനക്കാരനും അറസ്റ്റിലായിരുന്നു. അതിനിടെ യുവതിയുടെ മരണവാർത്തയിൽ ദുഃഖം രേഖപ്പെടുത്തി രംഗത്തെത്തിയ അല്ലു അർജുൻ യുവതിയുടെ കുടുംബത്തിന് 25 ലക്ഷം രൂപ ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.

## സ്വന്തം കുഞ്ഞിനെ വാട്ടർ ടാങ്കിലെറിഞ്ഞ് കൊന്നു; യുവതി അറസ്റ്റിൽ

മുംബയ്: ഭർതൃമാതാവുമായുള്ള തർക്കത്തിന് പിന്നാലെ ഒരു വയസുള്ള കുഞ്ഞിനെ കൊലപ്പെടുത്തിയ യുവതി പിടിയിൽ. മുംബയിലെ താനെ ഷഹാപൂർ താലൂക്കിലെ വസിന്ദിനടുത്തുള്ള കസാനെ ഗ്രാമത്തിലാണ് സംഭവം. വീട്ടിലെ വാട്ടർ ടാങ്കിൽ നിന്നാണ് കുഞ്ഞിന്റെ മൃതദേഹം കണ്ടെടുത്തത്. പദ്ഗ പൊലീസാണ് യുവതിയെ അറസ്റ്റ് ചെയ്തത്.


വീടിന് സമീപമുള്ള ഗോഡൗണിൽ സെക്യൂരിറ്റി ജീവനക്കാരനാണ് യുവതിയുടെ ഭർത്താവ്. 2022ലാണ് യുവതിയെ ഇയാൾ വിവാഹം കഴിച്ചത്. ഇവരുടെ കുഞ്ഞിന് ജന്മനാ രോഗങ്ങളുണ്ടായിരുന്നു. മകനെ നോക്കുന്നതുമായി ബന്ധപ്പെട്ട് യുവതിയും ഭർതൃമാതാവും തമ്മിൽ വഴക്കുണ്ടാകുന്നത് പതിവായിരുന്നു. കഴിഞ്ഞ ദിവസവും യുവതി കുഞ്ഞിനെ ശരിയായി നോക്കാത്തതിന്റെ പേരിൽ ഇവർ തമ്മിൽ തർക്കമുണ്ടായി. തുടർന്ന് ഭർത്താവ് ഉറങ്ങിയ സമയം നോക്കി കുഞ്ഞിനെ വാട്ടർ ടാങ്കിൽ എറിഞ്ഞ് കൊലപ്പെടുത്തുകയായിരുന്നു. ഉണർന്നപ്പോൾ ഇയാൾ കുഞ്ഞിനെ നോക്കിയെങ്കിലും മകനെ കാണാനില്ലെന്ന് യുവതി പറഞ്ഞു.

തുടർന്ന് കുഞ്ഞിന്റെ പിതാവും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ചേർന്ന് തെരച്ചിൽ ആരംഭിച്ചു. ഈ സമയം കുഞ്ഞിനെ കാണാനില്ലെന്ന് യുവതി പൊലീസിൽ പരാതി നൽകി. എന്നാൽ, യുവതിയുടെ പെരുമാറ്റത്തിൽ സംശയം തോന്നിയ ഭർത്താവ് ചോദ്യം ചെയ്തതോടെയാണ് ഇവർ കുറ്റം സമ്മതിച്ചത്. ഉടൻതന്നെ പൊലീസ് ഇവരെ കസ്റ്റഡിയിലെടുത്ത് അറസ്റ്റ് രേഖപ്പെടുത്തി.

കുഞ്ഞിന്റെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി സർക്കാർ ആശുപത്രിയിലേക്ക് മാറ്റിയെന്ന് പൊലീസ് ഇൻസ്പെക്ടർ ബാലകുംഭാർ പറഞ്ഞു. കൊലപാതകം ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തിയാണ് യുവതിക്കെതിരെ കേസെടുത്തിരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

## സിനിമാ തീയറ്റർ ബാത്റൂമിൽ ഗൃഹനാഥനെ മരിച്ച നിലയിൽ

കേച്ചേരി:സിനിമ കാണാനെത്തിയ ആൾ കേച്ചേരിയിലെ തിയറ്ററിലെ ബാത്ത് റൂമിനുള്ളിൽ മരിച്ച നിലയിൽ.കേച്ചേരി പെരുമണ്ണ് ഒടാട്ടിൽ വീട്ടിൽ ശശികുമാർ(60) ആണ് മരിച്ചത്. ഇദ്ദേഹം കുടുംബസമേതം മാറ്റിനി ഷോ കാണാനെത്തിയതായിരുന്നു. സിനിമ തീരുന്നതിന് തൊട്ട് മുമ്പ് പുറത്തേക്ക് പോയ ശശികുമാർ വീട്ടിലേക്ക് പോയെന്ന് കരുതി വീട്ടുകാർ സിനിമ കഴിഞ്ഞ് തിരിച്ച് പോയി. അടുത്ത ഷോ തുടങ്ങിന്നതിനിടെ ബാത്ത്റൂമിൽ പോയവർ വാതിൽ അകത്ത് നിന്നും അടച്ചിരിക്കുന്നത് കണ്ട് തിയറ്ററുകാരെ അറിയിച്ചു. ഇവർ വാതിൽ തുറന്ന് നോക്കിയപ്പോഴാണ് ശശികുമാറിനെ കുഴഞ്ഞു വീണ നിലയിൽ കണ്ടത്.ഉടൻ കുന്നംകുളത്തെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുന്ന മൃതദേഹം പോസ്റ്റ്മാർട്ടത്തിന് ശേഷം നാല് മണിക്ക് സംസ്ക്കരിക്കും. ഭാര്യ:ഗായത്രി മകൻ: വിശാൽ മരുമകൾ: ശ്രീക്കുട്ടി.



## നടിയുടെ കേസിൽ ദിലീപിന് 'ഊരാക്കുരുക്കിട്ട' ബാലചന്ദ്രകുമാർ, ഭീഷണിയെ ഭയക്കാതെ ഉറച്ചുനിന്നു; വിധി കേൾക്കാതെ മടക്കം

തിരു: നടിയെ ആക്രമിച്ച കേസിൽ നിന്ന് പുഷ്പം പോലെ തലയൂരാമെന്ന് കരുതിതിയിരുന്ന ദിലീപിനെ അഴിയാക്കുരുക്കിലായത് ഇന്നുപുലർച്ചെ അന്തരിച്ച സംവിധായകൻ ബാലചന്ദ്രകുമാറിന്റെ വെളിപ്പെടുത്തലുകളായിരുന്നു. ബാലചന്ദ്രകുമാറിന്റെ വെളിപ്പെടുത്തലോടെ കേസിന് പുതിയ മാനം കൈവരികയായിരുന്നു. നടിയെ ആക്രമിച്ച കേസിൽ ദിലീപിനെതിരെ ആദ്യം ബലാത്സംഗകേസ് മാത്രമാണ് ചുമത്തിയിരുന്നത്. വെളിപ്പെടുത്തൽ വന്നതോടെ വധ ഗൂഢാലോചന, തെളിവ് നശിപ്പിക്കൽ തുടങ്ങിയ കുറ്റങ്ങളും ചുമത്തി.



കേസ് അന്വേഷിച്ചിരുന്ന ഉദ്യോഗസ്ഥരെ അപായപ്പെടുത്താനുള്ള ഗൂഢാലോചനകൾ നടന്നെന്ന ബാലചന്ദ്രകുമാറിന്റെ വെളിപ്പെടുത്തൽ ഞെട്ടലോടെയാണ് കേരളം കേട്ടത്. രോഗം കടുത്തെങ്കിലും അതൊന്നും വകവയ്ക്കാതെ കേസുമായി ബന്ധപ്പെട്ട വിചാരണയ്ക്ക് തുടർച്ചയായി അദ്ദേഹം കോടതിയിലും എത്തിയിരുന്നു. 2014 മുതൽ ദിലീപുമായും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുമായും അടുത്തുബന്ധമുള്ള വ്യക്തിയായിരുന്നു ബാലചന്ദ്രകുമാർ

നടിയെ ആക്രമിച്ച കേസിലെ ഒന്നാംപ്രതി പൾസർ സുനിയെ തനിക്ക് പരിചയപ്പെടുത്തിയത് ദിലീപായിരുന്നുവെന്നും നടിയെ പീഡിപ്പിക്കുന്ന ദൃശ്യങ്ങളുടെ പകർപ്പ് ദിലീപിന്റെ കൈവശമുണ്ടായിരുന്നു എന്നും ബാലചന്ദ്രകുമാർ തുറന്നു പറഞ്ഞിരുന്നു. സുനിയുമായുള്ള തന്റെ ബന്ധം പുറത്ത് പറയരുതെന്ന് ദിലീപ് ആവശ്യപ്പെട്ടുവെന്നും കേസിൽ ജാമ്യം കിട്ടിയപ്പോൾ തന്നെ വിളിച്ചിരുന്നതായും ഇതിന് രേഖകളുണ്ടെന്നും ബാലചന്ദ്രകുമാർ വെളിപ്പെടുത്തിയിരുന്നു. ദിലീപുമായുള്ള പൾസർ സുനിയുടെ ബന്ധത്തെക്കുറിച്ച് പുറത്തു പറയാതിരിക്കാൻ ദിലീപിന്റെ ബന്ധുക്കൾ തന്നെ നിർബന്ധിച്ചുവെന്നും അദ്ദേഹം ടെലിവിഷൻ അഭിമുഖത്തിൽ വ്യക്തമാക്കുകയും ചെയ്തിരുന്നു.

ജാമ്യത്തിലിറങ്ങി നാൽപത് ദിവസത്തിനുള്ളിൽ നടിയെ ആക്രമിച്ച ദൃശ്യങ്ങൾ ദിലീപിന്റെ വീട്ടിൽ ഒരു വി ഐ പി എത്തിച്ചിരുന്നുവെന്നും ഇത് ദിലീപും സഹോദരൻ അനൂപും സഹോദരിയുടെ ഭർത്താവ് സുരാജും ഉൾപ്പെടെയുള്ളവർ കാണുന്നതിന് താൻ സാക്ഷിയായിരുന്നുവെന്നും ബാലചന്ദ്രകുമാർ വെളിപ്പെടുത്തിയിരുന്നു.

കേസ് അന്വേഷിക്കുന്ന ഉദ്യോഗസ്ഥരെ കൊലപ്പെടുത്താൻ നടൻ ദിലീപ് ഗൂഢാലോചന നടത്തിയിരുന്നു എന്നായിരുന്നു മറ്റൊരു സുപ്രധാന വെളിപ്പെടുത്തൽ.

2017ൽ ദിലീപിന്റെ ആലുവയിലെ വീട്ടിൽ വച്ചായിരുന്നു ഗൂഢാലോചന. പൊലീസ് ഉദ്യോഗസ്ഥരുടെ പേര് പറഞ്ഞുകൊണ്ട് ഇവർ അനുഭവിക്കുമെന്ന് ദിലീപ് പറഞ്ഞു. അന്വേഷണ ഉദ്യോഗസ്ഥരിൽ ഒരാളായ ബൈജു കെ. പൗലോസിന്റെ വണ്ടിയിൽ ഏതെങ്കിലും ട്രക്കോ മറ്റോ വന്ന് കയറിയാൽ ഒന്നരക്കോടി നോക്കേണ്ടി വരും എന്ന് സുരാജ് പറഞ്ഞതായും ബാലചന്ദ്രകുമാർ പറഞ്ഞിരുന്നു.

വെളിപ്പെടുത്തൽ പുറത്തുവന്നതോടെയാണ് ദിലീപിനെതിരെ കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തതും കുരുക്ക് മുറുകിയതും. ഇതോടെ ബാലചന്ദ്രകുമാറിനുനേരെ പ്രലോഭനങ്ങളും ഭീഷണികളുമുണ്ടായി. പക്ഷേ, അതൊന്നും വകവയ്ക്കാതെ അവസാനം വരെ താൻ പറഞ്ഞ കാര്യങ്ങളിൽ അദ്ദേഹം ഉറച്ചുനിൽക്കുകയായിരുന്നു. നടിയെ ആക്രമിച്ച കേസിൽ അന്തിമ വാദം കോടതിയിൽ നടക്കുന്നതിനിടെ ആ കേസിന്റെ വിധി അറിയാൻ കാത്തുനിൽക്കാതെ അദ്ദേഹം ലോകത്തോട് വിടപറയുകയായിരുന്നു.

വൃക്ക - ഹൃദയസംബന്ധമായ അസുഖങ്ങളെ തുടർന്ന് ചെങ്ങന്നൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിക്കെ ഇന്ന് രാവിലെയാണ് ബാലചന്ദ്രകുമാർ മരിച്ചത്. 2013ൽ പുറത്തിറങ്ങിയ 'കൗബോയ്' എന്ന ചിത്രം സംവിധാനം ചെയ്തിട്ടുണ്ട്.

## കോടതി പരസ്യം

### ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ

Dispute No.:1100/2024

ദശാവതാരം കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ
-ഹരജിക്കാരൻ

3) തൃശൂർ താലൂക്ക്, പുത്തൂർ വില്ലേജ്, പുത്തൂർ ദേശത്ത്, പുത്തൂർ കരുവാൻ വീട്ടിൽ ജയൻ ഭാര്യ 52 വയസ് ഗീത
4) തൃശൂർ താലൂക്ക്, പുത്തൂർ വില്ലേജ്, പുത്തൂർ ദേശത്ത്, പുത്തൂർ കരുവാൻ വീട്ടിൽ ജയൻ മകൻ 28 വയസ് ജയകൃഷ്ണൻ

- 3, 4 എതൃകക്ഷികൾ

മേൽ നമ്പർ കേസ് **30-12-2024** തിയ്യതി വിചാരണ വെച്ചിരിക്കുന്നു. ടി കാര്യത്തിൽ നിങ്ങൾക്ക് എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് താങ്കളോ താങ്കളുടെ അഭിഭാഷകനോ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം താങ്കളെ കൂടാതെ കേസിൽ തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ താങ്കളെ അറിയിച്ചുകൊള്ളുന്നു.

എന്ന്, 13-12-2024
ഹരജി ഭാഗം അഡ്വക്കെറ്റ്
**പോൾ പി** (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4





സീനിയർ ജേണലിസ്റ്റ്സ് ഫോറം തൃശൂർ ജില്ലാ ജനറൽ ബോഡി യോഗം പി. ബാലചന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

# പെൻഷൻ 15,000 രൂപയാക്കണം: സീനിയർ ജേണലിസ്റ്റ്സ് ഫോറം

തൃശൂർ: മുതിർന്ന മാധ്യമ പ്രവർത്തകർക്കുള്ള പ്രതിമാസ പെൻഷൻ 15,000 രൂപയാക്കണമെന്ന് സീനിയർ ജേണലിസ്റ്റ്സ് ഫോറം -കേരള ജില്ലാ ജനറൽബോഡി യോഗം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു. പി.എഫ് പെൻഷൻ 7500 രൂപയെങ്കിലുമാക്കണം. സംസ്ഥാനത്ത് പകുതിഹ പെൻഷൻ തുക അനുവദിച്ചവർക്ക് പൂർണ പെൻഷൻ അനുവദിക്കണം. മെഡിസെപ് ആരോഗ്യപദ്ധതിയിൽ മുതിർന്ന മാധ്യമപ്രവർത്തകരെ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടു.

മുഖ്യധാരാ മാധ്യമപ്രവർത്തനത്തിൽ നിന്നു വേറിട്ട് വെബ്സൈറ്റ് ജേണലിലൂടെ ബദൽപ്രവർത്തനത്തിന് മുതിർന്ന പത്രപ്രവർത്തകർ മുൻകൈയെടുക്കണമെന്ന് ഉദ്ഘാടനം ചെയ്ത പി.ബാലചന്ദ്രൻ എം.എൽ.എ ആവശ്യപ്പെട്ടു. സംസ്ഥാനപ്രസിഡന്റ് അലക്സാണ്ടർ സാം, ജനറൽ സെക്രട്ടറി കെ.പി വിജയകുമാർ, ഫ്രാങ്കോ ലൂയിസ്, ജെ.ആർ പ്രസാദ് എന്നിവരെ എം.എൽ.എ ആദരിച്ചു.

ജോൺസൺ വി. ചിറയത്ത് അധ്യക്ഷനായി. തൃശൂർ പ്രസ് ക്ലബ് പ്രസിഡൻറ് എം.ബി ബാബു, സെക്രട്ടറി രഞ്ജിത് ബാലൻ, എൻ. ശ്രീകുമാർ, ജോയ് എം. മണ്ണൂർ, കെ. കൃഷ്ണകുമാർ, ജോർജ് പൊടിപ്പാറ, പി.ജെ. കുര്യാച്ചൻ, വർഗീസ് തരകൻ എന്നിവർ സംസാരിച്ചു.

## 3.25 കോടി രൂപയുടെ ചെക്ക് കേസ് പ്രതിയെ വെറുതെ വിട്ടു

ഇരിങ്ങാലക്കുട: വിദേശത്ത് വെച്ച് നടത്തിയ പണമിടപാടിൽ നൽകിയതാണെന്നവകാശപ്പെട്ട് 3.25 കോടി രൂപയുടെ ചെക്ക് മടങ്ങിയ കേസിൽ പ്രതി നിരപരാധിയാണെന്ന് കണ്ട് വെറുതെ വിട്ട് ഇരിങ്ങാലക്കുട ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് ദീപ മോഹനൻ ഉത്തരവായി.

അബുദാബിയിൽ ബിസിനസുകാരനായിരുന്ന തിരുവല്ല സ്വദേശി ജോയ് ജോൺ തോമസ് വിദേശത്ത് വെച്ച് നടന്ന പണമിടപാടിലേക്ക് ചെക്ക് നൽകിയെന്നായിരുന്നു വാദിഭാഗം കേസ്. കേസിൽ വിശദമായ തെളിവെടുപ്പിനും വാദങ്ങൾക്കും ശേഷം ഒന്നാം പ്രതിയായി ചേർക്കപ്പെട്ട വ്യവസായി കുറ്റക്കാരനല്ലെന്ന് കണ്ടാണ് കോടതി വെറുതെ വിട്ടത്. പ്രതിക്ക് വേണ്ടി അഡ്വക്കെറ്റുമാരായ ജെയിൻ കെ വി, വിപിൻവിജയൻ, രാജീവ് കെ ബി എന്നിവർ ഹാജരായി.

## പാർട്ട്ടൈം ടീച്ചർ: വാക്ക് ഇൻ ഇന്റവ്യൂ

സമഗ്രശിക്ഷ കേരളം തൃശ്ശൂർ ജില്ലാ പ്രോജക്ട് ഓഫീസിന്റെ കീഴിൽ ചാലക്കുടിയിൽ പ്രവർത്തിക്കുന്ന കെ.ജി.ബി.വി. ഗേൾസ് ഹോസ്റ്റലിലേക്ക് വനിതാ പാർട്ട് ടൈം ടീച്ചറെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള വാക്ക്-ഇൻ-ഇന്റർവ്യൂ ഡിസം. 18, രാവിലെ 10.30 മണിക്ക് ഹോസ്റ്റലിൽ നടത്തും. പ്രദേശവാസികൾക്കും, ഹോസ്റ്റലിൽ താമസിച്ച് ജോലി ചെയ്യാമെന്നുള്ളവർക്കും മുൻഗണന ഉണ്ടായിരിക്കും. പ്രായം 25 നും 50 നും ഇടയ്ക്ക്. ഏതെങ്കിലും വിഷയത്തിൽ ബിരുദവും, ബി.എഡുമാണ് യോഗ്യത. ശമ്പളം 10,000/ രൂപ. വിലാസം-കെ.ജി.ബി.വി. ഗേൾസ് ഹോസ്റ്റൽ, ജി.എൽ.പി.എസ്. ഈസ്റ്റ് ചാലക്കുടി കോമ്പൗണ്ട്, ചാലക്കുടി, പിൻ :- 680307. ഫോൺ :- 0487 2323841

# അമലയിൽ കാൻസർ അതിജീവത ജീനയുടെ കേക്ക് മേള




അമലനഗർ: അമല മെഡിക്കൽ കോളേജിൽ തന്റെ രോഗാവസ്ഥയെ വകവെക്കാതെ ജീന വീട്ടിൽ നിർമ്മിച്ച കേക്കുകളുടെ പ്രദർശനവും വില്പന സ്റ്റാളും ആരംഭിച്ചു.

സ്റ്റാളിന്റെ ഉദ്ഘാടനം ഡയറക്ടർ ഫാ.ജൂലിയസ് അറയ്ക്കൽ നിർവ്വഹിച്ചു. അസോസിയേറ്റ് ഡയറക്ടർ ഫാ.ആൻറണി മണ്ണുമ്മൽ, മെഡിക്കൽ ഓങ്കോളജിസ്റ്റ് ഡോ.സുനു സിറിയക്, കാൻസർ അതിജീവത ജീന എന്നിവർ പ്രസംഗിച്ചു. സ്റ്റാൾ ക്രിസ്തുമസ് വരെ തുടരും.

## വാർത്താച്ചുരുക്കം

* ശ്രീനാരായണ പെൻഷനേഴ്സ് കൗൺസിൽ തൃശൂർ ജില്ലാ സമ്മേളനം തൃശൂർ എലൈറ്റ് ഹോട്ടലിൽ നടന്നു.
* 16ന് വൈകീട്ട് ലൂർദ്ദ് കത്തീഡ്രൽ അങ്കണത്തിൽ പുത്തൻ പാനയുടെ സംഗീത നൃത്താവിഷ്കാരം നടക്കും. അർണോസ് പാതിരി രചിച്ച കാവ്യ മാണിത്. അതിരൂപത മാതൃവേദിയാണ് സംഘാടകർ.
* സി പി ഐ (എം) തൃശൂർ ഏരിയ സമ്മേളനം 16,17, 18 തീയതികളിൽ നടക്കും. മാധ്യമ സെമിനാർ നടുവിലാലിൽ നടന്ന തൃശൂർ സെന്റ് തോമസ് കോളേജിലെ ബി എസ്.സി ഫിസിക്സ് ബാച്ചിന്റെ (1970-73 ) ഗോൾഡൻ ജൂബിലി ആഘോഷം 14 ന് ഹയാത്ത് റീജൻസിയിൽ നടക്കും.
* തൃശൂർ കേന്ദ്രമായി കൂടിയാട്ടക്കളം - ഒരുങ്ങുന്നു. കലാമണ്ഡലം സിന്ധുവാണ് നേതൃത്വം. 14ന് കാലത്ത് 10 മണിക്ക് പാറമേക്കാവ് രോഹിണി മണ്ഡപത്തിൽ ഉൽഘാടനം നടക്കുമെന്ന് പ്രസിഡണ്ട് ശ്രീധരൻ തേറമ്പിൽ അറിയിച്ചു.
* ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന N. HM . ജീവനക്കാർ 18ന് പണിമുടക്കും. ജില്ലാ കേന്ദ്രങ്ങളിൽ മാർച്ചും ധർണയും നടത്തും. സംസ്ഥാന -കേന്ദ്ര സർക്കാരുകളുടെ അവഗണനയിൽ പ്രതിഷേധിച്ചാണ് സമരം. CITU നേതൃത്വത്തിലാണ് സമരം.
* കേന്ദ്ര സർക്കാർ അംഗീകാരമുള്ള എറണാകുളം യോ മീഡിയയിൽ മീഡിയ സ്കിൽ കോഴ്സ് സൗജന്യമായി നടത്തുന്നു. തൃശൂർ ജില്ലയിൽ നിന്നുള്ളവർക്കും പഠന സൗകര്യം ഉണ്ടായിരിക്കും.
* നൂതന ചലച്ചിത്രം - ഭാരതപ്പുഴ - ആദ്യ പ്രദർശനം 13-ന് 3 മണിക്ക് തൃശൂർ ഗിരിജയിൽ. തൃശൂരിനെ പശ്ചാത്തലമാക്കിയുള്ളതാണ് സിനിമ. മണിലാലാണ് സംവിധായകൻ.
* അശാസ്ത്രീയമായ സഹകരണ പെൻഷൻ പരിഷ്കരണ റിപ്പോർട്ട് തള്ളണമെന്നാവശ്യം. കേരള കോ-ഓപ്പറേറ്റീവ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ തൃശൂർ താലൂക്ക് കമ്മറ്റിയാണ് ആവശ്യം ഉന്നയിച്ചത്.

# സിനിമ റീ - റീലിസുകൾക്കിടയിൽ വ്യത്യസ്തമായി ഒരു ആൽബം റീ -റിലീസ്



പാവറട്ടി : ഈയിടെ ട്രെൻഡിങ് ആയ മലയാള സിനിമാ റീ -റിലീസുകൾക്കിടയിൽ , പത്ത് വർഷങ്ങൾക്ക് ശേഷം റീ -റിലീസ് ചെയ്ത് ഒരു മലയാള ആൽബം . ആത്മീയത ഹരിത വിപ്ലവത്തിലൂടെ എന്ന ആശയത്തിൽ പുറത്തിറങ്ങി ശ്രദ്ധ നേടിയ 'കാനന വാസൻ" എന്ന ഗാനോപഹാരമാണ് വർഷങ്ങൾ ശേഷം പുതിയ സാകേതിക വിദ്യകൾ ഉപയോഗിച്ച് മാറ്റം വരുത്തി റീ -റിലിസ് ചെയ്തത്. ഇത്തരമൊരു സംരംഭം കേരളത്തിൽ തന്നെ ആദ്യത്തേതാണെന്ന് അണിയറ പ്രവർത്തകർ അവകാശപ്പെട്ടു. അഡ്വക്കേറ്റ് സുജിത് അയിനിപ്പുള്ളി അധ്യക്ഷനായ ചടങ്ങിൽ റീ -റിലിസ് കർമം ഗുരുവായൂർ ദേവസ്വം ചെയർമാൻ ഡോ. വി. കെ. വിജയൻ നിർവഹിച്ചു. പ്രശസ്ത സിനിമ സീരിയൽ താരദമ്പതികളായ ടിറ്റോ പുത്തൂർ, ബിമിത പുത്തൂർ എന്നിവർ മുഖ്യാതിഥികളായിരുന്നു. അഡ്വ.രവി ചങ്കത്ത് മുഖ്യ പ്രഭാഷണം നടത്തി. ചടങ്ങിൽ അനിൽ അമ്പാടി, സംപ്രീത് കൃഷ്ണ അയിനിപ്പുള്ളി, ടി.ആർ. അജിത് കുമാർ , സനീഷ് ഗുരുവായൂർ, വിജീഷ്. പി , ഹരിദാസ് മരുതയൂർ, രജീഷ് മരുതയൂർ, എന്നിവർ ആശംസകൾ നേർന്നു. ഗുരുവായൂരിനടുത്ത മരുതയൂർ എന്ന നാട്ടിൻപുറത്ത് വ്യത്യസ്തമായ ദൃശ്യ സംസ്കാരം വളർത്തിയെടുക്കാൻ രൂപീകരിച്ച ചിത്ര കേരള സൊസൈറ്റിയുടെ ബാനറിൽ ഒരുക്കിയ ആൽബത്തിലെ അഭിനേതാക്കളെല്ലാം വിവിധ മേഖലകളിൽ ജോലി ചെയ്തു മരുതയൂർ ഗ്രാമനിവാസികളാണ്.

ആൽബത്തിൽ ഒരു പ്രമുഖ റോളിൽ അഭിനയിച്ചിരുന്ന പ്രശസ്ത അയ്യപ്പ ഭക്തനായ കുഞ്ഞുമോൻ സ്വാമി ഈയിടെ കാലയവനികക്കുള്ളിൽ മറഞ്ഞു.

## മനുഷ്യവകാശദിന സംഗമം

എറണാകുളം:എൻ എച്ച് ആർ സി എറണാകുളം തെരേസസ് കോളേജിൽ സംഘടിപ്പിച്ച അന്താരഷ്ട്ര മനുഷ്യവകാശദിന സംഗമത്തിൽ വെച്ച് കേരള മുന്നോക്ക കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് സി.എൻ.രാമചന്ദ്രൻ സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടത്തിനെ ആദരിക്കുന്നു. സംസ്ഥാന ചെയർമാൻ ഷാനവാസ് മേത്തർ അദ്ധ്യക്ഷതവഹിച്ചു.മുൻ കേന്ദ്രമന്ത്രി പ്രൊ:കെ.വി.തോമാസ്, ജഡ്ജി വി.ദിലീപ്,മനുഷ്യാവകാശ കമ്മീഷൻ മുൻചെയമാൻ മോഹൻദാസ്,നാഷ്ണൽ വർക്കിങ് ചെയർമാൻ കെ.യു. ഇബ്രാഹിം, കാലടി സംസ്കൃത സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ:ദിലീപ് കുമാർ എന്നിവർ അനുമോദന പ്രസംഗം നടത്തി.

# രക്തദാനക്യാമ്പ് സംഘടിപ്പിച്ചു



ഇരിങ്ങാലക്കുട:ഇരിങ്ങാലക്കുട സെന്റ്.ജോസഫ്സ് കോളേജിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ആരോഗ്യബോധവത്ക്കരണ പരിപാടിയായ ഫിറ്റ് ഫോർ ലൈഫിന്റെ ഭാഗമായി അമ്പത്,നൂറ്റി അറുപത്തിയേഴ് എൻ എസ് എസ് കൂട്ടായ്മകളുടെ നേതൃത്വത്തിൽ രക്തദാനക്യാമ്പ് സംഘടിപ്പിച്ചു.ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെയും ബ്ലഡ് ഡോണേഴ്സ് കേരള തൃശ്ശൂരിന്റെയും സംയുക്താഭിമുഖ്യത്തിലാണ് ക്യാമ്പ് സംഘടിപ്പിച്ചത്. എൻ എസ് എസ് പ്രോഗ്രാം ഓഫീസർ വീണ സാനി സ്വാഗതമാശംസിച്ച ചടങ്ങിൽ വൈസ് പ്രിൻസിപ്പൽ ഡോ സിസ്റ്റർ എലൈസ അധ്യക്ഷപദം അലങ്കരിച്ചു. എൻ എസ് എസ് പ്രോഗ്രാം ഓഫീസർ ഡോ ഉർസുല എൻ ആശംസകളർപ്പിച്ചു സംസാരിച്ചു. വൈസ് പ്രിൻസിപ്പൽ ഡോ സിസ്റ്റർ അഞ്ജന,ഫിറ്റ് ഫോർ ലൈഫ് കൺവീനർ ഡോ സ്റ്റാലിൻ റാഫേൽ, എൻ.എസ്.എസ്.വളണ്ടിയർ കീർത്തന മേനോൻ എന്നിവർ സന്നിഹിതരായിരുന്നു.

# മുതിർന്ന മാധ്യമ പ്രവർത്തകൻ വാസുദേവൻ അന്തിക്കാട് അന്തരിച്ചു



മുറ്റിച്ചൂർ: മുതിർന്ന മാധ്യമ പ്രവർത്തകനും ദേശാഭിമാനി മുൻ സീനിയർ ന്യൂസ് എഡിറ്ററുമായ വാസുദേവൻ അന്തിക്കാട് (73) അന്തരിച്ചു. അസുഖ ബാധിതനായി എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലായിരുന്നു. സംസ്കാരം വെള്ളി പകൽ മൂന്നിന് അന്തിക്കാടിനടുത്ത് മുറ്റിച്ചൂരിലെ വീട്ടുവളപ്പിൽ. വെള്ളി രാവിലെ മുതൽ മുറ്റിച്ചൂരിലെ വീട്ടിൽ പൊതുദർശനം. സിപിഐ എം ചൂരക്കോട് തെക്ക് ബ്രാഞ്ച് അംഗമാണ്.

1980 ൽ പത്രാധിപസമിതി യംഗമായി കോഴിക്കോട്ട് സർവീസിൽ പ്രവേശിച്ചു. 2009ൽ സീനിയർ ന്യൂസ് എഡിറ്ററായി തൃശൂരിൽനിന്ന് വിരമിച്ചു. കോഴിക്കോട്, കണ്ണൂർ, കൊച്ചി, കോട്ടയം യൂണിറ്റുകളിൽ ലേഖകനായും ന്യൂസ് എഡിറ്ററായും ജോലി ചെയ്തു.

പത്രപ്രവർത്തന ഉപരി പരിശീലനത്തിന്റെ ഭാഗമായി കിഴക്കൻ ജർമനി (ജിഡിആർ) സന്ദർശിച്ചു. കെഎസ്‌വൈഎഫ് തൃശൂർ താലൂക്ക് സെക്രട്ടറി, സിപിഐ എം അന്തിക്കാട് ലോക്കൽ സെക്രട്ടറി, സിപിഐ എം ദേശാഭിമാനി ലോക്കൽ സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചു. റിട്ട. അധ്യാപിക ഉഷാദേവിയാണ് ഭാര്യ. മക്കൾ: സന്ദീപ് (ഫ്ളോറിഡ), സോന (ദുബായ്). മരുമക്കൾ: ഇ എം രഞ്ജിനി (ഫ്ളോറിഡ), വിമൽ ബാലചന്ദ്രൻ (ദുബായ്).

മാധ്യമപ്രവർത്തകൻ വാസുദേവൻ അന്തിക്കാടിന്റെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി. ദീർഘകാലം ദേശാഭിമാനിയുടെ പത്രാധിപ സമിതി അംഗമായിരുന്ന അദ്ദേഹം മാധ്യമ രംഗത്ത് സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ചു. അദ്ദേഹത്തിന്റെ ബന്ധു മിത്രാദികളെ മുഖ്യമന്ത്രി അനുശോചനം അറിയിച്ചു.

## വൈദ്യുതി ചാർജ് വർധന; പുല്ലൂരിൽ വ്യാപാരികളുടെ പന്തം കൊളുത്തി പ്രതിഷേധം



പുല്ലൂർ: സർക്കാരിന്റെ വൈദ്യതി ചാർജ് വർധനവിനെതിരെ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പുല്ലൂർ-തൊമ്മന-അവിട്ടത്തൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ പുല്ലൂരിൽ പന്തം കൊളുത്തി പ്രകടനം നടത്തി.

പ്രസിഡന്റ് ബൈജു മുക്കുളം ഭാരവാഹികളായ ബെന്നി അമ്പഴക്കാടൻ, മനോഹരൻ കണ്ണാപ്പി, ട്രിലിവർ ജോൺ, ഷിബു കാച്ചപ്പിള്ളി എന്നിവർ നേതൃത്വം നൽകി.

## ക്രിസ്തുമസ് പുതുവത്സര വിപണി കളറാക്കാൻ കൂടെ 3.0 പതിപ്പ്

തൃശ്ശൂർ: ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ, സമൂഹത്തിന്റെ കരുതൽ ആവശ്യമുള്ള ആളുകൾക്കായി സംഘടിപ്പിക്കുന്ന കൂടെ എന്ന പരിപാടിയുടെ മൂന്നാം അധ്യായമായ കൂടെ 3.0 ഡിസം. 12,13 തിയ്യതികളിൽ തൃശ്ശൂർ കളക്ടറ്റിൽ സംഘടിപ്പിക്കും. ഭിന്നശേഷിക്കാരായ കുട്ടികൾ, സ്പെഷ്യൽ സ്കൂൾ ബഡ്സ് സ്കൂൾ കുട്ടികൾ, വൃദ്ധസദനത്തിലെ ആളുകൾ എന്നിവർ നിർമിക്കുന്ന വസ്തുക്കളും ഭക്ഷണപദാർത്ഥങ്ങളും പാനീയങ്ങളുമൊക്കെയാണ് പ്രദർശിപ്പിക്കുന്നത്. പരിപാടിയുടെ മുന്നൊരുക്കങ്ങൾ പുരോഗമിക്കുകയാണ്. മുഖ്യ ആകർഷണമായ ക്രിസ്മസ് ഗിഫ്റ്റ് സ്റ്റാൾ വളരെ ആകർഷകമായ രീതിയിലാണ് ഒരുക്കിയിരിക്കുന്നത്. കൂടാതെ നറുക്കെടുപ്പുകളും വിനോദപരിപാടികളും ഇതൊടാനുബന്ധിച്ചു സംഘടിപ്പിക്കുന്നുണ്ട്.

# കാർഷിക വികസന ബാങ്ക് 20 കോടി രൂപ വായ്പ നൽകും




ഇരിങ്ങാലക്കുട: മുകുന്ദപുരം താലൂക്ക് വ്യാപകാതിർത്തിയായിട്ടുള്ള ഇരിങ്ങാലക്കുട സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് 2024-2025 വർഷം 20 കോടി രൂപ വായ്പ നൽകുമെന്ന് ബാങ്ക് പ്രസിഡണ്ട് തിലകൻ പൊയ്യാറ പറഞ്ഞു. ബാങ്കിന്റെ 53-ാം വാർഷിക പൊതുയോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. വൈസ് പ്രസിഡണ്ട് രജനി സുധാകരൻ, ഡയറക്ടർമാരായ കെ.എൽ. ജെയ്സൺ, എ.സി. സുരേഷ്, ഇ.വി. മാത്യൂ, സെക്രട്ടറി കെ.എസ്. ശ്രീജിത്ത് എന്നിവർ പ്രസംഗിച്ചു. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് ക്യാഷ് അവാർഡും, ഉപഹാരവും നൽകി അനുമോദിച്ചു. ബാങ്ക് ഡയറക്ടർമാരായ കെ.കെ. ശോഭനൻ, കെ. ഗോപാലകൃഷ്ണൻ, എം.കെ. കോരൻ, ഇന്ദിര ഭാസി, പ്രിൻസൻ തയ്യാലക്കൽ, കെ. ഹരിദാസ്, വി.ജി. ജയലളിത എന്നിവരും സംബന്ധിച്ചു.

## നിര്യാതയായി ശാരദാമ്മ



ഇരിങ്ങാലക്കുട : പൂമംഗലം ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡ് എടക്കുളം പാലത്തിന് സമീപം കുരിയക്കാട്ടിൽ രാഘവമേനോൻ ഭാര്യ എളേയടത്ത് ശാരദാമ്മ ( 96)അന്തരിച്ചു. (പുല്ലൂർ എഎൽപി സ്കൂളിലെ പ്രധാന അധ്യാപികയായിരുന്നു). മക്കൾ ശ്രീലേഖ. വിനയകുമാർ. നന്ദകുമാർ. ഉഷ. മരുമക്കൾ മുകുന്ദൻ. പ്രമീള.ഗോപിനാഥൻ. സംസ്കാരം 2024 ഇന്ന് രാവിലെ 10 മണിക്ക് വീട്ടുവളപ്പിൽ നടത്തപ്പെട്ടു.

# ബി എ ഗോപി (67)അന്തരിച്ചു



കൊടുങ്ങല്ലൂർ: സിപിഐ കൈപ്പമംഗലം മണ്ഡലം സെക്രട്ടേറിയേറ്റ് മെമ്പറും, ശ്രീനാരയണപുരം ഗ്രാമപഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റും മത്സ്യതൊഴിലാളി നേതാവുമായ ബി എ ഗോപി (67)അന്തരിച്ചു. 10 വർഷം പൂവത്തും കടവ് ഫാർമേഴ്സ് സഹകരണ ബാങ്ക് ഡയരക്ടർ, വൈസ് പ്രസിഡന്റ്, പി വെമ്പല്ലൂർ പെരിഞ്ഞനം മത്സ്യത്തൊഴിലാളി സഹകരണ സംഘം ഡയറക്ടർ, വൈസ് പ്രസിഡന്റ് എന്നീ നിലകളിൽപ്രവർത്തിച്ചു. മത്സ്യ തൊഴിലാളി യൂണിയൻ (AITUC) മുൻ ജില്ലാ പ്രസിഡന്റായിരുന്നു. വാർദ്ധക്യ സംബന്ധമായ അസുഖങ്ങൾ മൂലം ചികിത്സയിൽ ആയിരുന്നു. ഭാര്യ-ഉഷ ഗോപി. മക്കൾ വൈശാഖ്, വിഷ്ണു (മുൻ ജില്ലാ പഞ്ചായത്ത് അംഗം AIYF ജില്ലാ കമ്മിറ്റി അംഗം , പൂവ്വത്തുംകടവ് ഫാർമേഴ്സ് ബാങ്ക് ജീവനക്കാരനുമാണ്) മരുമക്കൾ : ഡോ: ആര്യ വൈശാഖ്, ആര്യ പി സി സംസ്കാരം നടത്തി.

## ആധാർ മസ്റ്ററിങ് ക്യാമ്പ് 13ന്

തൃശ്ശൂർ: കോർപ്പറേഷൻ പരിധിയിൽ അയ്യന്തോൾ പ്രദേശത്ത് ഉൾപ്പെടുന്ന മുൻഗണന വിഭാഗം റേഷൻ കാർഡുകളിലെ (മഞ്ഞ, പിങ്ക്) അംഗങ്ങളിൽ ആധാർ മസ്റ്ററിങ് നടത്താത്തവർക്കായി ഡിസം. 13 ന് രാവിലെ 10 മണി മുതൽ വൈകീട്ട് 4.00 മണി വരെ പുതൂർക്കര സെന്ററിൽ ആധാർ മസ്റ്ററിങ് ക്യാമ്പ് സംഘടിപ്പിക്കുന്നു. മസ്റ്ററിങ് ചെയ്യുവാൻ വരുന്ന അംഗങ്ങൾ റേഷൻ കാർഡ്, ആധാർകാർഡ്, ആധാർ കാർഡിനോട് ബന്ധിപ്പിച്ച ഫോൺ എന്നിവ കൊണ്ടുവരേണ്ടതാണ്.

# വൈദ്യുതി ചാർജ്ജ് വർധനവിനെതിരെ പ്രതിഷേധ കൂട്ടായ്മയുമായി കേരളകോൺഗ്രസ്സ് പ്രവർത്തകർ



ഇരിങ്ങാലക്കുട : വൈദ്യുതി ചാർജ്ജ് വർധനവിനെതിരെ കേരള കോൺഗ്രസ്സിന്റെ പ്രതിഷേധ കൂട്ടായ്മ. കേരള കോൺഗ്രസ്സ് ഇരിങ്ങാലക്കുട നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ആൽത്തറയ്ക്കൽ നടത്തിയ പ്രതിഷേധ സമരം കേരളകോൺഗ്രസ്സ് ഡെപ്യൂട്ടി ചെയർമാൻ അഡ്വ തോമസ് ഉണ്ണിയാടൻ ഉദ്ഘാടനം ചെയ്തു. സർക്കാരിന്റെയും കെഎസ്ഇബിയുടെയും കെടുകാര്യസ്ഥതയും ധൂർത്തുമാണ് ചാർജ്ജ് വർധനവിന് കാരണമായിരിക്കുന്നതെന്ന് തോമസ് ഉണ്ണിയാടൻ ചൂണ്ടിക്കാട്ടി. നിയോജക മണ്ഡലം പ്രസിഡണ്ട് റോക്കി ആളൂക്കാരൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ്-ചെയർമാൻ എം പി പോളി, സംസ്ഥാന ജന സെക്രട്ടറി മിനി മോഹൻദാസ്, ഭാരവാഹികളായ പി ടി ജോർജ്ജ്, സേതുമാധവൻ, സിജോയ് തോമസ്, ജോസ് ചെമ്പകശ്ശേരി, ശിവരാമൻ കൊല്ലംപറമ്പിൽ, അജിത സദാനന്ദൻ, മാഗി വിൻസെന്റ്, ഫെനി എബിൻ, തുഷാര ഷിജിൻ, ദീപക് അയ്യൻചിറ, ലാലു വിൻസെന്റ്, എൻ ഡി പോൾ, ഫിലിപ്പ് ഓളാട്ടുപുറം, വിനോദ് ചേലൂക്കാരൻ, എബിൻ വെള്ളാനിക്കാരൻ, എം എസ് ശ്രീധരൻ, കെ സതീഷ്, ബീന വാവച്ചൻ, സംഗീത ഫ്രാൻസിസ് എന്നിവർ സംസാരിച്ചു.

### കോടതി പരസ്യം

**ബഹു. തൃശൂർ പ്രിൻസിപ്പൽ സബ്ബ് കോടതി മുമ്പാകെ**

OS: 639/2007, FD IA: 1/2023, IA: 2/2024, IA: 3/2024

ചാവക്കാട് താലൂക്ക് ഗുരുവായൂർ വില്ലേജ് ഇരിഞ്ഞപ്രം അംശം ദേശത്ത് ഏരിയിൽ കുമാരൻ മകൻ ധർമ്മരാജൻ 2) ടിയിൽ താമസം അംബിക

-ഹരജിക്കാർ/അന്യായം

1) എറണാകുളം ജില്ലാ വടുതല വില്ലേജ് ഉള്ളിശ്ശേരി ദേശത്ത് മണ്ടക്കത്തിങ്കൽ മരിച്ച രാജു ഭാര്യ ഗീത രാജു
2) ടി വില്ലേജ് ദേശത്ത് മണ്ടക്കത്തിങ്കൽ മരിച്ച രാജു മകൻ ശ്രീജിത്ത് എം ആർ.
3) ടി വില്ലേജ് ദേശത്ത് മണ്ടക്കത്തിങ്കൽ മരിച്ച രാജു മകൻ ആദിത്യൻ എം ആർ.

-എതൃകക്ഷികൾ/15 മുതൽ 17 കൂടി കൂടുതൽ എതൃകക്ഷികൾ

മേൽ നമ്പറിൽ ഹരജി ഭാഗത്ത് നിന്ന് ബോധിപ്പിച്ച IA: 2/2024, IA: 3/2024 നമ്പർ ഹരജികളിൽ 15 മുതൽ 17 കൂടി എതിർകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് **14-01-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി ഹരജികളിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു. ആയത് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 06-12-2025
ഹരജിഭാഗം അഡ്വക്കെറ്റ്സ്
**കെ നാരായണൻകുട്ടി & കെ വിനോദ്കുമാർ**
തൃശൂർ-5 (ഒപ്പ്)

### കോടതി പരസ്യം

**ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ**

OS: 783/2007, IA: 1/2024 & IA: 2/2024

ശിവരാമൻ -വാദി
ശശികല മുതൽ പേർ -പ്രതികൾ

R15 ജയൻ S/o. ദിവാവകരൻ നായർ, പണ്ടാരപള്ളത്ത് എരുമപ്പെട്ടി ദേശം, എരുമപ്പെട്ടി വില്ലേജ്, തലപ്പിള്ളി താലൂക്ക്
R20 ഗംഗാധരൻ S/o.കമലാക്ഷിയമ്മ നീലിവീട്ടിൽ @ കുഴിവേലി വീട്ടിൽ കുണ്ടൂർ ദേശം, തിരുമുക്കുളം വില്ലേജ് ചാലക്കുടി താലൂക്ക്
R21 രവീന്ദ്രൻ S/o. കമലാക്ഷിയമ്മ നീലിവീട്ടിൽ @ കുഴിവേലി വീട്ടിൽ കുണ്ടൂർ ദേശം, തിരുമുക്കുളം വില്ലേജ് ചാലക്കുടി താലൂക്ക്
R22 വിജയകുമാരി D/o.കമലാക്ഷിയമ്മ നീലിവീട്ടിൽ @ കുഴിവേലി വീട്ടിൽ കുണ്ടൂർ ദേശം, തിരുമുക്കുളം വില്ലേജ് ചാലക്കുടി താലൂക്ക്

- 15, 20, 21, 22 പ്രതികൾ

മേൽ നമ്പറിൽ ഭാഗത്തിനും പ്രഖ്യാപന നിവർത്തിക്കും ശാശ്വത നിരോധനാജ്ഞ നിവർത്തിക്കും മറ്റുമാണ് വ്യവഹാരം ബോധിപ്പിച്ചിട്ടുള്ളത്. എന്നാൽ വ്യവഹാര മദ്ധ്യേ 5, 7, 9, 10, 11, 12 പ്രതികൾ മരണപ്പെട്ടതിനാൽ ടിയാരുടെ അനന്തരാവകാശികളെ കക്ഷി ചേർക്കുന്നതിനും കാലതാമസം മാപ്പാക്കുന്നതിനും യഥാക്രമം IA: 2/2024, IA: 1/2024 എന്നീ നമ്പറുകളായി ഹരജികൾ നിലവിലുണ്ട്. ടി ഹരജികളിലെ 15, 20, 21, 22 എതിർകക്ഷികൾക്കു ടി IA: 1/2024, IA: 2/2024 ഹരജികളിൽ നോട്ടീസ് പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ വ്യവഹാരം **19-12-2024** തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി എതിർകക്ഷികൾ ടി തിയ്യതി രാവിലെ 11 മണിക്ക് കോടതി മുമ്പാകെ ഹാജരാകേണ്ടതും അല്ലാത്തപക്ഷം ടിയാരെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്നും അറിയിക്കുന്നു.

എന്ന്, 12-12-2024
വാദിഭാഗം അഡ്വക്കെറ്റ്
**സി കെ മോഹൻദാസ്** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ റെന്റ് കൺട്രോൾ കോർട്ട് മുമ്പാകെ**

RCP: 139/2023

തൃശൂർ താലൂക്ക് അരണാട്ടുകര വില്ലേജ് ദേശത്ത് ചിരിയങ്കണ്ടത്ത് ജോസ് മകൻ ഡേവി

- ഹരജിക്കാരൻ

എറണാകുളം ജില്ല മുവ്വാറ്റുപുഴ താലൂക്ക് രാമമംഗലം വില്ലേജ് കീഴുമുറി ദേശത്ത് മടുക്കയിൽ രാമൻ മകൻ എം ആർ രാജപ്പൻ

-എതൃകക്ഷി

മേൽ നമ്പറിൽ എതൃകക്ഷിക്കുള്ള നോട്ടീസ് ഹരജിയിൽ പറയുന്ന വിലാസത്തിൽ എതൃകക്ഷിയുടെ സ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് **20-12-2024** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും മേൽ നമ്പറിൽ തർക്കം ഉണ്ടെങ്കിൽ വിചാരണ ദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 12-12-2024
ഹരജിക്കാ ഭാഗം അഡ്വക്കെറ്റ്
**സിവി ജോസ് പി.**
(ഒപ്പ്)

### കോടതി പരസ്യം

**ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ**

OS : 526/2024

രജപുത്ര ട്രേഡ് കോർപ്പ് LLP മണ്ണംപേട്ട എന്ന സ്ഥാപനത്തിനു വേണ്ടി ഡെസിഗേറ്റഡ് പാർട്ട്ണർ ശേഖരൻ

-വാദി

മുകുന്ദപുരം താലൂക്ക് കല്ലൂർ വില്ലേജ് മാവിൻചുടവ് ദേശത്ത് എളവന പറമ്പിൽ കാർത്തികേയൻ മകൻ 27 വയസ് അനീഷ് ഇ കെ

- പ്രതി

മേൽ നമ്പറിൽ 1-ാം പ്രതിക്കുള്ള സമൻസ് ബഹു. കോടതിയിലും താമസസ്ഥലത്തും പതിച്ചുനടത്തുന്നതിനും പത്രത്തിൽ പരസ്യം ചെയ്യുന്നതിനും അനുവദിച്ച് മേൽ നമ്പർ കേസ് **21-12-2024** തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപമുള്ളവർ ഉണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കേസിൽ തീർപ്പ് കല്പിക്കുന്നതാണെന്നും ഇതിനാൽ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 12-12-2024
വാദിഭാഗം അഡ്വക്കെറ്റ്
**കെ ഗോപിനാഥൻ** (ഒപ്പ്)